**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 202** **10-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം പബ്ലിക്ക് ഹെൽത്ത് ലാബിന്റെ കെട്ടിട നിർമ്മാണ പുരോഗതി വിശദീകരിക്കാമോ; കെട്ടിട നിർമ്മാണത്തിന് കോട്ടപ്പടിയിൽ സ്ഥലം ലഭ്യമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ല പബ്ലിക്ക് ഹെൽത്ത് ലാബിനെ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബ് ആക്കി ഉയർത്തുന്നതുമായി ബന്ധപ്പെട്ട നവീകരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുമായി 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിലെ ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിടം ശോചനീയാവസ്ഥയിലായതിനാലും ആവശ്യമായ സ്ഥല സൗകര്യം ഇല്ലാത്തതിനാലും ലാബ് മറ്റൊരു സ്ഥലത്തേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നിരുന്നെങ്കിലും അനുവദിച്ച ഫണ്ട് മാത്രം ഉപയോഗിച്ച് മറ്റൊരു സ്ഥലത്ത് ലാബിന്റെ സംവിധാന ങ്ങളും മുഴുവൻ ഒരുക്കാൻ സാധിക്കില്ലെന്നതിനാലും നിശ്ചിത സമയത്തിനുള്ളിൽ ഫണ്ട് ഉപയോഗപ്പെടുത്തേണ്ടതിനാലും നിലവിലെ പബ്ലിക്ക് ഹെൽത്ത് ലാബിന്റെ കെട്ടിടം തന്നെ നവീകരിക്കുന്നതിനും കെട്ടിടത്തിന്റെ മുൻ ഭാഗത്ത് ഉള്ള സ്ഥലത്തേക്കു കൂടി വിപുലീകരിച്ച് ആവശ്യമായ കെട്ടിട സൗകര്യം ഒരുക്കുന്നതിനും ജില്ലാ കളക്ടറുമായി ചേർന്നുള്ള യോഗത്തിൽ തീരുമാനിച്ചു. അതനുസരിച്ചുള്ള ഡി.പി.ആർ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.<br><br>മലപ്പുറത്ത് പബ്ലിക്ക് ഹെൽത്ത് ലാബിന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിനുള്ള പ്രപ്പോസൽ നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണുള്ളത്. |
| (ബി) | മലപ്പുറം താലൂക്ക് ആശുപത്രിക്കു സമീപം പൊതു ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാകുന്ന സ്ഥലത്ത് ലാബിനായി കെട്ടിടം നിർമ്മിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; സാങ്കേതിക തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കുമോ? | (ബി) | മലപ്പുറം സിവിൽ സ്റ്റേഷനിൽ സ്ഥിതി ചെയ്യുന്ന ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബ് കെട്ടിടം നവീ കരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമാണ് പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്താൻ തീരുമാനമായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ